# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2828

20.06.13 ൽ - മറുപടിക്ക്

### എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കുന്നതിനുള്ള അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച എ.പി.എൽ. കാർഡുകൾ ബി.പി.എൽ കാർഡുകളാക്കുന്നതു സംബന്ധിച്ച അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (എ) & (ബി) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കുന്നതിനെ സംബന്ധിച്ച അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് അതാതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുകയും, ടി അപേക്ഷകളിൽ വിശദമായ അന്വേഷണം നടത്തി കാർഡുകൾ മാറ്റി നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇത്തരം പരാതികൾ പരിഹരിക്കാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ ; | |
| (സി) എ.പി.എൽ - ബി.പി.എൽ പരിധി സംബന്ധിച്ച പരാതികൾ ശാശ്വതമായി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (സി) ഈ വിഷയം പരിശോധിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനായുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ